"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. സുരേഷ് ബി.-യെ രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിൽ നിലവിലുള്ള അക്കൗണ്ടന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1563/2026/LSGD തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 241/2021/LSGD തീയതി 29/01/2021
2. സ.ഉ.(സാധാ) നം. 1115/2021/LSGD തീയതി 09/06/2021
3. സ.ഉ.(സാധാ) നം. 1438/2022/LSGD തീയതി 13/06/2022
4. സ.ഉ.(സാധാ) നം. 1298/2023/LSGD തീയതി 22/06/2023
5. സ.ഉ.(സാധാ) നം. 1213/2024/LSGD തീയതി 04/07/2024
6. സ.ഉ.(സാധാ) നം. 1594/2025/LSGD തീയതി 26/06/2025
7. 23.06.2026 തീയതിയിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ എൽഎസ്ജിഡി/പിഡി/25461/2025-ഡിഇബി3 നമ്പർ നടപടിക്രമം.
8. 25.06.2026 തീയതിയായി ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.സുരേഷ് ബി. സമർപ്പിച്ച അപേക്ഷ.
9. 16.07.2026 തീയതിയിലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടറിന്റെ (റൂറൽ) (നോഡൽ ഓഫീസർ, RGSA) എൽഎസ്ജിഡി/പിഡി/31981/2023-ആർജിഎസ്എ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലെ (PMU) അക്കൗണ്ടന്റ് തസ്തികയിൽ പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠി ച്ചിരുന്ന ആയിരുന്ന ശ്രീ. സുരേഷ് ബി.-യെ പരാമർശം (1) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (2) മുതൽ (6) വരെ ഉത്തരവുകൾ പ്രകാരം ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 5 വർഷക്കാലാവധി പൂർത്തിയായതിനാൽ പരാമർശം (7) പ്രകാരം പ്രസ്തുത ജീവനക്കാരനെ മാതൃവകുപ്പിലേയ്ക്ക് മടങ്ങി

പോകാൻ അനുവദിച്ചിട്ടുള്ളതും തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായി ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്.

2) തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ. സുരേഷ് ബി.-യെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (8) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരന് നിലവിൽ വിജിലൻസ് കേസുകളും, ബാധ്യതകളും ഇല്ലായെന്നും, അന്യത്ര സേവനത്തിന് അനുമതി ലഭിച്ചാൽ ഓഫീസിൽ നിന്നും വിടുതൽ ചെയ്യുന്നതാണെന്ന വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതും കഴിഞ്ഞ 12 വർഷക്കാലമായി RGPSA/RGSA പദ്ധതികളുടെ രൂപീകരണ/നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്ന ശ്രീ. സുരേഷ് ബി.യ്ക്ക് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലെ നിലവിലുള്ള അക്കൗണ്ടന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നത് ഉചിതമാണെന്ന് റൂറൽ ഡയറക്ടർ പരാമർശം (9) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലെ നിലവിലുള്ള അക്കൗണ്ടന്റ് തസ്തികയിൽ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. സുരേഷ് ബി.-യെ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZY SUSAN JOHN
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സുരേഷ് ബി., ജനറൽ എക്സ്റ്റൻഷൻ ഓഫീസർ,
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
നോഡൽ ഓഫീസർ, രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ,
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ )/(ആഡിറ്റ് ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Ajith Kumar K A
Date: 20-08-2026
18:02:21
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.